LIBRARY ARCHIVES Kerala Legislative Assembly

ഒ.ഇ.സി. വിഭാഗക്കാരുടെ സംവരണ ആനുകൂല്യം

20 (3743) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി. വിഭാഗക്കാരുടെ മക്കൾക്ക് മൂന്ന് ശതമാനം സംവരണം അനുവദിച്ച് വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ആനുകൂല്യം വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഏതൊക്കെ കാര്യങ്ങൾക്കാണ് പരിഗണിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത ആനുകൂല്യം പ്ലസ് വൺ പ്രവേശനത്തിന് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആഭ ഇന്റർനാഷണൽ അക്കാദമിയുടെ പ്രവർത്തനം

21 (3744) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ ഇന്റർനാഷണൽ അക്കാദമിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മിഡ്ബ്രെയിൻ സ്റ്റിമുലേഷൻ പരിപാടിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇത് പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷകളിൽ ബധിരരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

22 (3745) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷകളിൽ ബധിരരായ വിദ്യാർത്ഥികൾക്ക് നിശ്ചിത സമയ പരിധിയിൽ കൂടുതൽ സമയവും ഗ്രേസ് മാർക്കും അനുവദിക്കുവാൻ ചട്ടം നിലവിലുണ്ടോ ;